

# നീഹാരം

GHSS VELLUR
2024

താളുകളിൽ

* കഥാപ്രസംഗം
* എന്റെ ഗ്രാമം - ലേഖനം

കഥാപ്രസംഗം

നവനീത്  പി.വി. (ലീഡർ)
ഫിദ കെ.
ഹരിനന്ദ് സി.സി.
ശ്രീനന്ദ് സി.പി.
ശ്രീനന്ദ്  സുകുമാരൻ
ഹരികിരൺ
വൈഗ രാജേഷ്
വൈഗ വിജയൻ
ദിയ കെ.
സാഗര കെ.

ഒരച്ഛന്റെ നൊമ്പരം

കൊത്തുപണികളിൽ അഗ്രഗണ്യനായ പെരുന്തച്ചൻ വരരുചിയുടെ പതിനൊന്നാമത്തെ പുത്രൻ, ഐതിഹ്യമാലകളിലൂടെ ഇന്നും മനുഷ്യ മനസ്സിൽ ജീവിക്കുന്ന പെരുന്തച്ചൻ്റെ കഥയാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്.
തച്ചന് കൊത്തുപണികളിലുള്ള പ്രാവീണ്യം അച്ഛനേക്കാൾ മകന് കിട്ടിയിരുന്നു.

"അച്ഛനെ വെല്ലും മകൻ്റെ സിദ്ധികൾ
നാട്ടിൽ മുഴുവൻ പാടുകയായ്.
മകൻ്റെ കൗശല വിദ്യകൾ കാണാൻ
നാട്ടുകാർ പലവഴി വരവായി"

ഒരിക്കൽ പെരുന്തച്ചൻ ഗ്രാമത്തിലെ പാലത്തിൽ ഒരു യന്ത്രപ്പാവ നിർമ്മിച്ചു. നാട്ടുകാർ പാലം കയറി അരികിലെത്തുമ്പോൾ പാവ വായയിൽ വെള്ളവും നിറച്ച് തുപ്പുന്നതായിട്ടാണ് നിർമ്മിച്ചിരിക്കുന്നത്.

"പാലത്തിൻ അഗ്രത്ത് പാവ ഉണ്ടാക്കി
മുഖം നോക്കി തുപ്പും ഞാൻ അലസതയോടെ"

പാവയിൽ നിന്ന് രക്ഷനേടുവാൻ വേണ്ടി മകൻ പാലത്തിൻ്റെ മറുഭാഗത്തായി ഒരു പാവയും കൂടി ഉറപ്പിച്ചു. പെരുന്തച്ചന്റെ പാവ തുപ്പാൻവേണ്ടി ഉയർന്നുവരുമ്പോൾ മറ്റേ പാവ ഉയർന്ന് വന്ന് മറ്റേപ്പാവയുടെ മുഖത്തടിക്കും.
മകൻ അച്ഛനെ തോൽപ്പിച്ചുവെന്ന് നാട്ടുകാർ അപവാദം പറഞ്ഞു. പെരുന്തച്ചൻ അത് കൂട്ടാക്കിയില്ല. അച്ഛൻ തോറ്റാലെന്ത്? മകനല്ലേ ജയിക്കുന്നത് എന്ന് പറഞ്ഞ് തൽസമയം ആശ്വസിച്ചു.
മകൻ്റെ കഴിവിൽ അച്ഛന് അസൂയയുണ്ടെന്ന് നാട്ടുകാർ പറഞ്ഞതിനപ്പുറം ഇത് പെരുന്തച്ചനെ സങ്കടത്തിലാക്കി ഗോപുരത്തിന്റെ അഷ്ടദിക്പാലകരെ നിർമ്മിച്ചതിൽ ഏറ്റവും മികവുറ്റത് മകന്റേതാണ്.

"മകനച്ഛനെ തോൽപ്പിച്ചു എന്ന്
നാട്ടുകാർ അപവാദം പരത്തി
അച്ഛനെ മകൻ തോൽപ്പിച്ചാലെന്താ
വിജയമല്ലേ അച്ഛൻ്റെ ലക്ഷ്യം"

പെരുന്തച്ചനും മകനും ചേർന്ന് ക്ഷേത്രത്തിന്റെ ഒരു കൊടി മരം നിർമ്മിച്ചു. ഒരു ദിവസം പുരയുടെ മോന്തായത്തിൽ കൊത്തുപണിയെടുക്കുന്ന പെരുന്തച്ചൻ്റെ കൈയിൽനിന്ന് അബദ്ധത്തിൽ ഉളി പതിച്ചു. അത് നേരെ പതിച്ചത് മകന്റെ കഴുത്തിലായിരുന്നു. ആ വേവലാതിയിൽ തച്ചൻ താഴേക്ക് വീണു.
അന്നത്തെ വിഴ്ചയ്ക്ക് ശേഷം ഇതുവരെ പെരുന്തച്ചൻ എഴുന്നേറ്റിട്ടില്ല. മഹാശില്പിയായ തൻ്റെ മകൻ്റെ മരണത്തെ ഓർത്ത് തച്ചൻ എപ്പോഴും സങ്കടപ്പെട്ടിരിക്കും എല്ലാം മനസ്സിലൊതുക്കി തച്ചൻ പൊത്തുപോലെയുള്ള വീട്ടിലെ കട്ടിലിൽ തളർന്നു കിടക്കുന്നു.

സുഹൃത്തുക്കളെ, ഈ കൊച്ചു കഥാപ്രസംഗം ഇവിടെ പൂർണമാകുന്നു.

നന്ദി ,

നമസ്കാരം

# എന്റെ ഗ്രാമം (അന്നൂർ)

എന്റെ ഗ്രാമം അതിമനോഹരമാണ്. നഗരവും ഗ്രാമവും കൂടിയതാണ് എന്റെ നാട്. പകൽവെളിച്ചത്തിൽ കാണുന്ന തിനേക്കാൾ ഭംഗി സന്ധ്യാനേരത്തും രാത്രിയിലെ ചന്ദ്രന്റെ നിലാവിലും കാണുന്ന നാടിനെയാണ്. വിശാലമായ നാടാണ് എന്റേത്. ഒട്ടേറെ അമ്പലങ്ങളും പ്രകൃതിരമണീയമായ തലയന്നേരി കാവും എന്റെ നാടായ അന്നൂരിനു സ്വന്തം. കലയെ സ്നേഹിക്കുന്നവരാണ് നമ്മൾ. പ്രശസ്ത സാഹിത്യകാരൻ സി. വി. ബാലകൃഷ്ണനും, പ്രശസ്ത സാഹിത്യകാരനായിരുന്ന എ. വി. ശ്രീകണ്ഠപൊതുവാളും, പ്രശസ്ത പ്രാസംഗികനും സാഹിത്യകാരനുമായ പി.അപ്പുക്കുട്ടൻമാസ്റ്ററും ജന്മമെടുത്ത നാടാണ് അന്നൂർ. പയ്യന്നൂരിന്റെ അഭിമാനം കൂടിയാണ് നമ്മുടെ നാട്. അന്നൂരിന്റെ ഉൾപ്രദേശങ്ങളിലേക്ക് എത്തി നോക്കിയാൽ വയലേലകളും തെങ്ങിൻതോപ്പുകളും പക്ഷികളും ഇഴജന്തുക്കളും ഒക്കെയുള്ള ഒരു ആവാസവ്യവസ്ഥയെ കാണാം. സാങ്കേതികവിദ്യകളും സൗകര്യങ്ങളും ഒന്നിനോന്നു മെച്ചം. വീടിനുചുറ്റും തന്നെയുണ്ട് ഒരുപാട് കടകൾ "അന്നത്തിന്റെ ഊര്" അല്ലെങ്കിൽ "ഭക്ഷണത്തിന്റെ ഊര്" ആണ് അന്നൂർ. കല മാത്രമല്ല കൈപ്പുണ്യവും ഇവിടുത്തെ ജനങ്ങളിലെ രക്തത്തിലൂടെ ഒഴുകുന്നു. ഒരുപാട് പാചകക്കാരുടെ നാട് എന്ന ബഹുമതിയും അന്നൂരിനുണ്ട്. പൂമാലക്കാവിലമ്മയുടെ വരദാനമായ ആൽമരങ്ങളും കുളങ്ങളും എന്റെ നാടിന്റെ പ്രത്യേകതയാണ്. ഇടയ്ക്കിടെ വന്നുപോകുന്ന മഴയും മഴയ്ക്ക് പിന്നിലായി മാറുന്ന കാലാവസ്ഥയും മരക്കൂട്ടങ്ങൾക്കിടയിലൂടെ വീശിയടിക്കുന്ന കുളിർകാറ്റും വയലുകളിലെ പുൽനാമ്പുകളിൽ തങ്ങിനിൽക്കുന്ന മഴത്തുള്ളികളും ഉദയസൂര്യന്റെ വർണാഭമായ വെളിച്ചവും മീനുകൾ നീന്തിതുടിക്കുന്ന കുളങ്ങളും എന്റെ നാടിനെ അഴകുറ്റതാക്കിത്തീർക്കുന്നു.

-അനഘ. കെ